പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3918

24.6.2014 ൽ
മറുപടിയ്ക്ക്

ഐ.റ്റി. പാർക്കുകളുടെ പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി ജമീലാ പ്രകാശം ;<br>ശ്രീ. ജോസ് തെറ്റയിൽ ;<br>ശ്രീ. മാത്യു. റ്റി. തോമസ് ;<br>ശ്രീ. സി.കെ. നാണു ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) | |
| എ) | കേരളത്തിൽ ഇപ്പോൾ എത്ര ഐ.റ്റി പാർക്കുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | തിരുവനന്തപുരത്ത് ടെക്നോപാർക്ക്, കൊച്ചിയിൽ ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയാണ് നിലവിൽ കേരളത്തിലുള്ള പ്രധാനപ്പെട്ട ഐ.ടി. പാർക്കുകൾ. കൂടാതെ കുണ്ടറയിൽ ടെക്നോപാർക്കിന്റെ ഭാഗമായിട്ടുള്ള പാർക്കും തൃശ്ശൂർ ജില്ലയിലെ കൊരട്ടിയിലും ആലപ്പുഴ ജില്ലയിലെ ചേർത്തലയിലും ഇൻഫോപാർക്കിന്റെ കീഴിലുള്ള പാർക്കുകളും നിലവിലുണ്ട്. |
| ബി) | ഇവ ഓരോന്നിലും എത്ര സ്ഥാപനങ്ങളും എത്ര ജീവനക്കാരും പ്രവർത്തിക്കുന്നു എന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | ബി) | സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളെയും ജീവനക്കാരുടെ എണ്ണത്തെയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതി | പ്രവർത്തിക്കുന്ന കമ്പനികൾ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | തിരുവനന്തപുരം ടെക്നോപാർക്ക് ഒന്നാംഘട്ടം | 285 | 40000 |
| 2. | തിരുവനന്തപുരം ടെക്നോപാർക്ക് രണ്ടാംഘട്ടം | 1 | 5000 |
| 3. | തിരുവനന്തപുരം ടെക്നോപാർക്ക് മൂന്നാംഘട്ടം | 11 | 395 |
| 4. | കൊല്ലം ടെക്നോപാർക്ക് | 6 | 126 |
| 5. | ഇൻഫോപാർക്ക്, കൊച്ചി | 125 | 23000 |
| 6. | ഇൻഫോപാർക്ക്, കൊരട്ടി | 29 | 600 |
| 7. | ഇൻഫോപാർക്ക്, ചേർത്തല | 12 | 200 |
| 8. | സൈബർപാർക്ക്, കോഴിക്കോട് | 3 | 30 |

സി) ഐ.റ്റി. പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിനുമായി എന്ത് സംവിധാനമാണ് നിലവിലുള്ളതെന്നും അത് സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കാമോ?

സി) വ്യവസായവും ഐ.ടി. യും വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി തുടങ്ങിയവർ ഉൾപ്പെട്ട ഒരു ഉന്നതതല സമിതിയും ഐ.ടി. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാൻ ആയുള്ള പദ്ധതി നിർവ്വഹണ സമിതിയും ആണ് ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നത്. കൂടാതെ ഐ.ടി. പാർക്കുകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എല്ലാ ഐ.ടി. പാർക്കുകൾക്കും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കീഴിൽ ഒരു 'അഡ്മിനിസ്റ്റേറ്റീവ് ടീമും' ഉണ്ട്. നിയമപ്രകാരമുള്ള അംഗീകാരങ്ങൾ വേഗത്തിൽ നേടിക്കൊടുക്കുന്നതിന് വിവര സാങ്കേതിക വിദ്യാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു സിംഗിൾ വിൻഡോ ക്ലീയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ